കയാണ്.* കളമശ്ശേരിയിലെ കുഴപ്പങ്ങരംക്കെല്ലാം കാരണം ഫാദർ ലോനപ്പനാണ് എന്ന ബ്രദർ ജോണിന്റെ അഭിപ്രായം 'വീക്ക്' വാരിക റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(20 മാർച്ച്, 1983)

# 112. ഗാന്ധിയുടെ പ്രസക്തി

സർ റിച്ചാർഡ് ആററൻബറോ നിർമിച്ച 'ഗാന്ധി' എന്ന ഫിലിമിനെപ്പററി ഒട്ടേറെ വായിച്ചിട്ടും, എനിക്ക് അതിരുകടന്ന പ്രതീക്ഷകരം ഉണ്ടായിരുന്നില്ല. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ധീരങ്ങളായ പരീക്ഷണങ്ങരം നടത്തുകയും മനുഷ്യചിന്തയ്ക്കു മൗലികങ്ങളായ സംഭാവനകരം നൽകുകയും ചെയ്ത മഹാത്മാഗാന്ധിയുടെ അനിർവചനീയമായ വ്യക്തിത്വത്തെ ഫിലിം എന്ന ദ്വിമാനമാദ്ധ്യമത്തിൽ എങ്ങനെ തളച്ചിടാനാണ്? കാലാതീതത്തെ മൂന്നു ഹ്രസ്വമണിക്കൂറുകരംകൊണ്ട് എങ്ങനെ ആവിഷ്കരിക്കാൻ? പരിസരബോധം ഉണ്ടായ കാലംമുതൽ, ഗാന്ധിയുടെ ഊഷ്മളചൈതന്യം ഞാൻ ശ്വസിച്ച അന്തരീക്ഷത്തിൽ നിറഞ്ഞുനിന്നിരുന്നു. എന്റെ തലമുറ ഏറെ വർഷങ്ങളോളം ഗാന്ധിയുടെ ഓരോ ചലനവും ശ്രദ്ധിക്കുകയും ഓരോ വാക്കിനും ചെവികൊടുക്കുകയും ചെയ്തുപോന്നു. ഗാന്ധിയെ ദിവസങ്ങളോളം അടുത്തുനിന്നു കാണാനും എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്. അദ്ദേഹം നയിച്ച സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ പങ്കുകൊള്ളാൻ കഴിഞ്ഞു എന്നതു് എന്റെ ജീവിതത്തിന്റെ ധന്യതയാണ്. ഭാവനയും യാഥാർത്ഥ്യവും ചേർന്നു് എന്റെ മനസ്സിൽ എന്നേ നിർമിച്ച ഗാന്ധിയുടെ സജീവമായ ജീവിതചിത്രത്തോട് സർ ആററൻബറോ നിർമിച്ച ഈ ഫിലിം ഒത്തിണങ്ങിപ്പോയില്ലെങ്കിൽ, അതിൽ ഞാൻ അത്ഭുതപ്പെടുമായിരുന്നില്ല. എത്രയെങ്കിലും കുറവുകരം ഉണ്ടായിരിക്കാമെങ്കിലും നെടുനാളിലെ അർപ്പിതപരിശ്രമത്തിന്റെയും വൻതോതിലുള്ള ധനവ്യയത്തിന്റെയും ഫലമായി പുറത്തു വന്ന ഈ ചിത്രം ഓരോ ഭാരതീയനും കാണുകതന്നെ വേണമെന്നു ഞാൻ വിശ്വസിച്ചു. ഗാന്ധിസ്മരണ പുതുക്കുവാൻ പഴയ തലമുറയ്ക്കും, ഗാന്ധിയുഗത്തെപ്പററി അപൂർണമെങ്കിലും മൂർത്തമായ ഒരു സങ്കല്പം രൂപവത്കരിക്കുവാൻ പുതിയ തലമുറയ്ക്കും ഈ ചിത്രം ഉതകുമെന്നായിരുന്നു എന്റെ പ്രതീക്ഷ.

സർ ആററൻബറോ എന്നെ ഒട്ടും നിരാശപ്പെടുത്തിയില്ല. ആവിഷ്കരിക്കാൻ താൻ തെരഞ്ഞെടുത്ത വിഷയത്തോട് അദ്ദേഹം തികച്ചും നീതി പുലർത്തുകതന്നെചെയ്തിട്ടുണ്ട് എന്നു് എനിക്കു ബോദ്ധ്യമായി. ഗാന്ധി എന്ന സത്യാന്വേഷകന്റെ ബഹുപ്രഭമായ ജീവിതത്തിന്റെ ഒരു തലത്തെ, അഥവാ ഒരു മാനത്തെ, മാത്രമേ ഈ സിനിമാനിർമാതാവ് തന്റെ കലാശില്പത്തിൽ ആവിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളു. സ്വാതന്ത്ര്യസമരസേനാനിയായ ഗാന്ധിയാണ് ആററൻബറോവിന്റെ ചിത്രത്തിലെ നായകൻ.

ഞങ്ങരംക്കു പരിചിതനായ ഗാന്ധിയുടെ പ്രവർത്തനമണ്ഡലത്തിന്റെ ഒരു ചെറിയ ഖണ്ഡം മാത്രമായിരുന്നു പക്ഷേ, രാഷ്ട്രീയം. ഗാന്ധിയെ ഞങ്ങരം വീക്ഷിച്ചിരുന്നതു് എല്ലാററിലുമുപരി ഒരു 'വിമോചകൻ' ആയാണ്. തന്റെ ആയുസ്സിന്റെ വളരെ വലിയ ഒരു ഭാഗം ഹരിജന

* പിന്നീട് താമസിയാതെ അദ്ദേഹം നിര്യാതനായി.

ങ്ങളെയും ഗിരിജനങ്ങളെയും ഉദ്ധരിക്കുന്നതിനുവേണ്ടിയാണ് ഗാന്ധി ചെലവഴിച്ചതു്. ഗാന്ധിജി ഒടുവിൽ പ്രസിദ്ധീകരിച്ചിരുന്ന പത്രത്തിന്റെ പേർതന്നെ 'ഹരിജൻ' എന്നായിരുന്നുവല്ലോ? സേവാഗ്രാമം വിട്ടു പുറത്തു പോകുമ്പോൾ അദ്ദേഹം പാർക്കാറുള്ളതു് ഏതെങ്കിലും ഹരിജൻ കോളനിയിലെ ഒരു സാധാരണ കുടിലിൽ ആണു്. തന്റെ മകളായി ഒരു ഹരിജനബാലികയെ അദ്ദേഹം ദത്തെടുത്തു വളർത്തുകയുണ്ടായി. ഹരിജനങ്ങൾക്കു വ്യത്യസ്ത നിയോജകമണ്ഡലങ്ങളുണ്ടാക്കുന്നതിൽ പ്രതിഷേധിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു ഉപവാസം. അദ്ദേഹം പടുത്തുയർത്തിയ സംഘടനകളിൽ പ്രധാനപ്പെട്ട ഒന്നു ഹരിജൻ സേവാസംഘമാണു്. ക്ഷേത്രപ്രവേശസത്യാഗ്രഹങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യം പ്രസിദ്ധമത്രേ. ക്ഷേത്രപ്രവേശവിളംബരത്തെത്തുടർന്നു് തിരുവിതാംകൂറിൽ ഗാന്ധി നടത്തിയ പര്യടനം മദ്ധ്യവയസ്സു കഴിഞ്ഞ എല്ലാ കേരളീയരുടെയും മനസ്സുകളിൽ ഇന്നും ഒരു ഉജ്ജ്വലസ്മരണയായി അവശേഷിക്കുന്നുണ്ടാവണം. പക്ഷേ, സർ ആറററൻബറോയുടെ ക്യാമറ, ഗാന്ധിയുടെ ഈ പ്രവർത്തനമേഖലയിലേക്കു് എത്തിനോക്കിയിട്ടില്ല.

ഗാന്ധിയൻവിമോചനസമരങ്ങളുടെ മറെറാരു മുഖ്യ ലക്ഷ്യം സ്ത്രീകളുടെ ഉദ്ധാരണം, വിനോബായുടെ ഭാഷയിൽ സ്ത്രീശക്തിജാഗരണം ആയിരുന്നു. അടിമകളുടെ അടിമകളായിക്കഴിഞ്ഞിരുന്ന ഭാരതീയസ്ത്രീകൾക്കു് ഗാന്ധി എങ്ങനെ ഇച്ഛാശക്തിയും കർമശക്തിയും നൽകിയെന്നതു് അവിശ്വസനീയമായിത്തോന്നാവുന്ന ഒരു ഇതിഹാസമാണു്. ഈ വിഷയവും സർ ആറററൻബറോ ഇടയ്ക്കൊന്നു സൂചിപ്പിക്കുകമാത്രമേ ചെയ്യുന്നുള്ളു.

ഭാരതീയജീവിതത്തിന്റെ അനന്തങ്ങളായ ലഘുവിശദാംശങ്ങളിൽ ഗാന്ധിക്കുണ്ടായിരുന്ന ഉന്മിഷത്തായ താല്പര്യവും സർ ആറററൻബറോവിന്റെ ശ്രദ്ധയ്ക്കു വിഷയമായിട്ടില്ല. രോഗികളുടെ പരിചരണത്തിൽ ഗാന്ധി പ്രദർശിപ്പിച്ചിരുന്ന അതിർകടന്ന വ്യഗ്രത സർ ആറററൻബറോ കാണാതെപോയി. താൻ ഒരു നല്ല നേഴ്സാണെന്നു് ഗാന്ധി അഭിമാനിച്ചിരുന്നു. സേവാഗ്രാമത്തിൽ, കുഷ്ഠരോഗിയായ പർച്ചുരേശാസ്ത്രിയെ പരിചരിക്കുക ഗാന്ധിയുടെ നിത്യകർമങ്ങളിലൊന്നായിരുന്നു. ചുരുങ്ങിയപക്ഷം, തെക്കെ ആഫ്രിക്കയിൽ 'സുലു' യുദ്ധകാലത്തു് ഗാന്ധി സംഘടിപ്പിച്ച ശുശ്രൂഷകസംഘത്തിന്റെ പ്രവർത്തനമെങ്കിലും ഫിലിമിൽ ചിത്രീകരിക്കപ്പെടേണ്ടതായിരുന്നു. ആ ഭാഗം ചിത്രീകരിക്കാതിരുന്നതിനാൽ, ആദ്യകാലങ്ങളിൽ ബ്രിട്ടീഷ്ഭരണത്തോടു് ഗാന്ധിക്കുണ്ടായിരുന്ന ആത്മാർത്ഥമായ കൂറു വേണ്ടത്ര മിഴിവു നേടാതെപോയി. ആഫ്രിക്കയിലെ സത്യാഗ്രഹസമരത്തിനു് ഇംഗ്ലീഷുകാരായ ആഫ്രിക്കക്കാരിൽനിന്നു പൊതുവെ കിട്ടിവന്ന പിൻതുണയ്ക്കു് ഫിലിമിൽ വിശദീകരണമില്ല. ആഫ്രിക്കയിലെ വെള്ളക്കാരെ ഇംഗ്ലീഷ് പാരമ്പര്യത്തിലുള്ളവരെന്നും ഡച്ച് പാരമ്പര്യത്തിലുള്ളവരെന്നും രണ്ടായി വിഭജിക്കുന്നതു്, ഇന്നത്തെ പരിതഃസ്ഥിതിയിൽ, ആവശ്യമല്ലെന്നു് സർ ആറററൻബറോ കരുതിയിരിക്കാം.

ഗാന്ധിയെപ്പോലൊരു പ്രചാരണവിദഗ്ധൻ, ഒരുപക്ഷേ, ഇന്ത്യയിൽ വേറെ പിറന്നിട്ടില്ല. പല മാദ്ധ്യമങ്ങളിലൂടെയും അദ്ദേഹം തന്റെ വിപ്ലവകരങ്ങളായ ആശയങ്ങൾ ഇന്ത്യക്കാർക്കിടയിൽ പ്രചരിപ്പിച്ചിട്ടുണ്ടു്. 'എന്റെ ജീവിതമാണു് എന്റെ സന്ദേശം' എന്ന ഗാന്ധിയുടെ ചൊല്ലു് പ്രസിദ്ധമാകുന്നു. ഈ 'സന്ദേശം' പ്രചരിപ്പിക്കാൻ ഗാന്ധി കൈക്കൊണ്ട ഏററവും ഫലപ്രദമായ മാദ്ധ്യമം, അദ്ദേഹത്തിന്റെ പ്രാർത്ഥനായോഗങ്ങളായിരുന്നു. ഈ യോഗങ്ങളിൽ ഒരിക്കലെങ്കിലും പങ്കുകൊ

ണ്ട ഒരാൾക്ക്, ജീവിതത്തിൽ പിന്നീട് എപ്പോഴും മറക്കാനാവാത്ത ഒന്നാണ് അതിൽനിന്നു കൈവന്ന അലൗകികാനുഭൂതി. ഗാന്ധിയുടെ ഒരു പ്രാർത്ഥനായോഗമെങ്കിലും സർ ആററൻബറോ തൻെറ പടത്തിൽ ഉൾക്കൊള്ളിക്കുമെന്ന് ഞാൻ ആശിച്ചിരുന്നു. നിർഭാഗ്യവശാൽ അതുണ്ടായില്ല.

ഗാന്ധിയുടെ ജീവിത മഹാനാടകത്തിൽ, അദ്ദേഹത്തെ സഹായിച്ചും അനുകൂലിച്ചും പങ്കുചേർന്ന മററു കഥാപാത്രങ്ങളുടെ ചിത്രീകരണത്തിലും സർ ആററൻബറോ വിജയിച്ചതായി തോന്നിയില്ല. പൊതുവെ സ്ത്രീകഥാപാത്രങ്ങളുടെയും വെള്ളക്കാരായ കഥാപാത്രങ്ങളുടെയും ചിത്രണം മെച്ചപ്പെട്ടതായി. പക്ഷേ, നെഹ്റു, വല്ലഭായിപട്ടേൽ, ആസാദ് മുതലായവരെ നേരിട്ടു കാണാനിടവന്നിട്ടുള്ളവരെ, ആ റോളുകൾ എടുത്ത നടന്മാർ തികച്ചും നിരാശപ്പെടുത്തിയിരിക്കണം. പ്രത്യേകിച്ചും സർദാർ പട്ടേൽ.

പക്ഷേ, ഈ കുറവുകളെല്ലാം ബെൻ കിങ്സ്ലി പരിഹരിച്ചു. തെക്കെ ആഫ്രിക്കയിലെ ഗാന്ധിയുടെ ഭാഗം അഭിനയിക്കുമ്പോൾ, കിങ്സ്ലി ഗാന്ധിയായി സ്വയം മാറിയെന്ന തോന്നലാണ് എനിക്കുണ്ടായത്. ഗാന്ധിയുടെ ആഫ്രിക്കൻജീവിതത്തിലെ പല പ്രധാന സംഭവങ്ങളും പടത്തിൽ ചിത്രീകരിക്കപ്പെട്ടിട്ടില്ല എന്നതു ശരിതന്നെ. പക്ഷേ, ചിത്രീകരിച്ച രംഗങ്ങളിൽനിന്ന്, ലജ്ജാശീലനായ ഒരിടത്തരം ബാരിസ്റ്റർ, മഹത്തായ ഒരു രാഷ്ട്രത്തിൻെറ വിമോചനസമരസേനാനിയായി രൂപാന്തരംപ്രാപിച്ച അവിശ്വസനീയമായ യാഥാർത്ഥ്യത്തിൻെറ യുക്തി കാഴ്ചക്കാർക്കു് തികച്ചും ബോദ്ധ്യപ്പെട്ടിരിക്കണം.

ജാലിയൻവാലാബാഗ്, ദണ്ഡിയാത്ര, ധരാസനയിലെ ഉപ്പു പടന്ന കൈയേററം, കൽക്കത്തയിലെ ഭീകരമായ നരഹത്യ മുതലായ പല രംഗങ്ങളും പ്രതീക്ഷയിൽക്കവിഞ്ഞ പൂർണതയോടെയാണ് സർ ആററൻബറോ ചിത്രീകരിച്ചിട്ടുള്ളത്. ഇന്ത്യ—പാകിസ്ഥാൻ—വിഭജനത്തിൻെറ ദുരന്ത ഭീഷണരൂപം ആവിഷ്കരിക്കുന്നതിലും അദ്ദേഹം വിജയം നേടിയിരിക്കുന്നു. ഗാന്ധിവധം, വിലാപയാത്ര, അന്ത്യേഷ്ടി എന്നിവയും അദ്ദേഹം തൃപ്തികരമായിത്തന്നെ ചിത്രീകരിച്ചു,

ചുരുക്കത്തിൽ, സർ ആററൻബറോയുടെ പടം കണ്ടുകൊണ്ടിരുന്ന മൂന്നു മണിക്കൂറുകൾ എന്നെ സംബന്ധിച്ചിടത്തോളം, ഭൂതകാലത്തിലൂടെയുള്ള അർത്ഥപൂർണമായ ഒരു തീർത്ഥയാത്രയായിരുന്നു. അതേ, തിരയിൽ വിടർന്നുവരുന്ന ഈ സംഭവങ്ങളാണ് എൻെറ തലമുറയിൽപ്പെട്ട ജനകോടികളുടെ ജീവിതത്തെ സ്പൃഹണീയമായ ഒരനുഭവമാക്കിയത്. ഞങ്ങളുടെ ജീവിതത്തിന് ഒരു ലക്ഷ്യവും, അനീതിക്കു മുമ്പിൽ കൂസാതെ നിവർന്നുനില്ക്കാൻ ഞങ്ങൾക്ക് ഒരു നട്ടെല്ലും നൽകിയത് ഈ സംഭവങ്ങളാണ്. ഗാന്ധിയെ സംബന്ധിച്ച ഞങ്ങളുടെ എല്ലാ സങ്കല്പങ്ങളെയും മൂർത്തരൂപത്തിൽ ആവിഷ്കരിക്കുന്നില്ലെങ്കിൽക്കൂടി, സർ ആററൻബറോ ഞങ്ങളുടെ അത്തരം സങ്കല്പങ്ങൾക്ക മങ്ങലേല്പിക്കുന്ന ഒന്നും തൻെറ പടത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല! അദ്ദേഹത്തിന് സ്തുതി!

പടം കഴിയാറായപ്പോഴാണ് ഞാൻ ചുററും നോക്കിയത്. ബാല്ക്കണിയിൽ ഞങ്ങൾക്കരികെ ഏതാനും ഹിപ്പികൾ പടത്തിൽ ചുരുൾ നിവരുന്ന സംഭവങ്ങളിൽ മുഴുകി, സ്വയം മറന്ന്, ഇരിക്കുന്നു. ബാൽക്കണിക്കു താഴെ, ഹാളിലെ അധികം ഇരിപ്പിടങ്ങളും ഒഴിഞ്ഞുകിടക്കുകയാണ്. അണ്വായുധഭീഷണികൊണ്ടും, വ്യവസായവത്കരണത്തിൻെറ അനിവാര്യതയായ മലിനീകരണഭീഷണികൊണ്ടും, ആധുനികജീവിതത്തിൻെറ നിർദ്ദയ യാന്ത്രികതകൊണ്ടും ഭൗതികമായും ബുദ്ധിപരമായും ആദ്ധ്യാത്മികമായും പീഡയനുഭവിക്കുകയും, മനുഷ്യോചിതമായ ഒരു

ജീവിതവികല്പത്തിനുവേണ്ടി ഹൃദയംനൊന്തു് അന്വേഷിക്കുകയും ചെയ്യുന്ന പടിഞ്ഞാറൻനാടുകളുടെ പ്രതിനിധികളാണു് ആ ഹിപ്പികൾ എന്നു തോന്നി. അവർ ഒരുപക്ഷേ, ഗാന്ധിയെ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്തേക്കാം. എന്നാൽ, ഇന്ത്യക്കാർ ഗാന്ധിയെ കൈവെടിഞ്ഞിരിക്കുന്നു.

'കേരള സർവകലാശാലയിലെ പ്രശസ്തനായ ഒരു പ്രൊഫസറെ പിറേറന്നു രാവിലെ ഞാൻ കണ്ടു. അദ്ദേഹവും തലേന്നു് 'ഗാന്ധി' കണ്ടിരുന്നു. തിയേററിൽനിന്നു വീട്ടിലെത്തിയ അദ്ദേഹം തന്റെ മകനോടു്, അടുത്ത ദിവസം പോയി ആ പടം കാണുന്നതു് നന്നായിരിക്കുമെന്നു ശുപാർശചെയ്തു. 'ഗാന്ധി റെലവൻറ് അല്ല പപ്പാ!' എന്നായിരുന്നുവത്രേ എൻജിനീയറിങ് വിദ്യാർത്ഥിയായ പുത്രന്റെ പ്രതികരണം.

അതു പറയുമ്പോൾ പ്രൊഫസറുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

(9 ഫെബ്രുവരി, 1983)

# 113. വിനോബാഭാവേ

'ധീർ' എന്ന പേരിൽ ഒരു ചെറിയ ഹിന്ദി വാരിക ബാംഗ്ലൂരിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. മുഖ്യമായി മാർവാഡികളുടെ, അവരിൽത്തന്നെ ജൈനരുടെ, താല്പര്യങ്ങളെയാണു് ഈ വാരിക പ്രതിനിധാനം ചെയ്യുന്നതു്. ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയിൽ വളരെക്കാലം ഒരു ഉദ്യോഗസ്ഥനായിരുന്ന ശ്രീ പി.എൻ. ഭട്ടതിരിയാണു് ഈ വാരികയുടെ എഡിററർ.

'ധീർ' വാരികയുടെ 12—ാം വാർഷികം പ്രമാണിച്ചു് ഒരു വിശേഷാൽപ്രതി 1982 നവംബർ 18—ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ വിശേഷാൽപ്രതിയിൽ ചേർക്കുന്നതിനു് ഒരു സന്ദേശം അയച്ചുതരണമെന്നു്ആചാര്യ വിനോബാഭാവേയോടു വാരികാപ്രവർത്തകർ അഭ്യർത്ഥിച്ചിരുന്നു. വിനോബാഭാവേ ശാരീരികമായി അസ്വസ്ഥനായിരുന്നു. കർമസന്ന്യാസമനുഷ്ഠിച്ച ഒരാളെന്ന നിലയിൽ, വളരെക്കാലമായി അദ്ദേഹം ഒന്നും എഴുതിയിരുന്നുമില്ല. സംസാരിക്കുന്നതുതന്നെ അപൂർവമായിരുന്നു. എന്നിട്ടും ഈ വാരികയിലേക്കു് ഒരു സന്ദേശം ഒക്ടോബർ 22—ാം തീയതി അദ്ദേഹം സ്വന്തം കൈപ്പടയിൽ എഴുതി അയപ്പിച്ചു. 'ധീർ വാർഷിക—അങ്ക'ത്തിൽ ഈ സന്ദേശം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. (ചിത്രം നോക്കുക) താൻ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത രാഷ്ട്രത്തിനു് വിനോബാഭാവേ നൽകിയ അന്ത്യസന്ദേശം ഇതാണു്. മററു വിധത്തിൽ പ്രാധാന്യമൊന്നും അവകാശപ്പെടാനില്ലാത്ത 'ധീർ' വാർഷിക—അങ്കം, ഈ സന്ദേശം പ്രകാശിപ്പിച്ചതുവഴി, വളരെയധികം ശ്രദ്ധേയമായിത്തീർന്നിരിക്കുന്നു.

മരണത്തിനു് ഏതാനും ദിവസങ്ങൾക്കു മുമ്പു്, ഒക്ടോബർ 22—ാം തീയതി ആണു് വിനോബാഭാവേ ഈ സന്ദേശം കുറിച്ചതു്. സംക്ഷിപ്തമായ ഈ സന്ദേശത്തിൽ, ആദ്ധ്യാത്മികദൃഷ്ടി, സമത്വബുദ്ധി, അനിന്ദാവ്രതം എന്ന മൂന്നു കാര്യങ്ങളിലേക്കു് അദ്ദേഹം നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. ഒപ്പു് ഇടുന്നതിനു പകരം 'ബാബാ(വിനോബാ)യുടെ ശുഭകാമന' എന്നും 'രാമഹരി' എന്നും എഴുതിയിരിക്കുന്നു.